(സി) പ്രസ്തുത വില്ലേജ് അസിസ്റ്റന്റിനെ മാറ്റുന്നതിന് വിവിധ ഉത്തരവുകൾ പുറപ്പെടുവിച്ചതിനുശേഷം ഉത്തരവ് കാൻസൽ ചെയ്യുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടിയാനെ പൊതുതാൽപ്പര്യം മുൻനിർത്തി തിരുവല്ലം വില്ലേജ് ഓഫീസിൽനിന്നും സ്പെഷ്യൽ തഹസിൽദാർ (എൽ. എ.) എൻ. എച്ച്.-ന്റെ ഓഫീസിലേക്ക് മാറ്റുകയുണ്ടായി.

(സി) എൽ. എ. എൻ. എച്ച്. സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസിലേക്ക് മാറ്റി നിയമിച്ച ടിയാൻ അവധിയിൽ പ്രവേശിക്കുകയുണ്ടായി. അതിനുപകരം മറ്റൊരാളെ പ്രസ്തുത ഓഫീസിൽ നിയമിക്കുകയും ടിയാനെ തിരുവനന്തപുരം താലൂക്ക് ആഫീസിലേക്ക് മാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

സുനാമിമൂലമുണ്ടായ കൃഷിനാശം

128 [1355] ശ്രീ. ടി. കെ. ദേവകുമാർ :
,, പിരപ്പൻകോട് മുരളി :
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തംമൂലം 2004 ഡിസംബർ 26-ന് സംസ്ഥാനത്തുണ്ടായ കൃഷിനാശം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) കൃഷിനാശം ഉണ്ടായ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) അനുവദിച്ച തുക ചെലവാക്കുന്നതിൽ ക്രമക്കേട് നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) ഈ തുക ചെലവാക്കുന്നതിൽ സുതാര്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സുനാമി ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്ത് 2102 ഹെക്ടർ സ്ഥലത്ത് കൃഷിനാശം ഉണ്ടായിട്ടുണ്ട്. അതിന് 813.50 ലക്ഷം രൂപയുടെ കൃഷിനാശം സംഭവിച്ചിട്ടുള്ളതായി കൃഷി വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)-(ഇ) കൃഷിവകുപ്പ് ശുപാർശ ചെയ്തത് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ ആവശ്യപ്പെടുമ്പോഴാണ് കൃഷിനാശത്തിന് ധനസഹായം നൽകുന്നതിന് തുക അനുവദിക്കാറുള്ളത്. സുനാമിമൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകുന്നതിലേക്കായി തുക അനുവദിച്ചിട്ടില്ല. അതിനാൽ അത് ചെലവഴിച്ചതിനെ സംബന്ധിച്ച പരാതി അപ്രസക്തമാണ്. ധനസഹായം അനുവദിക്കുമ്പോൾ സുതാര്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

100 ദിന കർമ്മപരിപാടികൾക്ക് ചെലവഴിച്ച തുക

129 [1358] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ച പദ്ധതികൾക്ക് ഓരോന്നിനും എന്തുതുക വീതം നീക്കിവച്ചു ; വിശദമാക്കാമോ ;

(ബി) ഇതിൽ പൂർത്തീകരിച്ച പദ്ധതികൾക്ക് എന്തുതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തുകയൊന്നും നീക്കിവച്ചിരുന്നില്ല.

(ബി) 'എ' യുടെ ഉത്തരവിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മഹാകവി ജി. ശങ്കരക്കുറുപ്പ് സ്മാരകം പണിയുന്നതിന് സ്ഥലം

130[1359] പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാകവി ജി. ശങ്കരക്കുറുപ്പ് സ്മാരകം പണിയുന്നതിന് കൊച്ചി നഗരസഭയ്ക്ക് സ്ഥലം അനുവദിക്കണം എന്ന നഗരസഭയുടെ അഭ്യർത്ഥന സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരസഭയ്ക്ക് സ്ഥലം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം എടുത്തിട്ടില്ല.